പത്രക്കുറിപ്പ്
2-2-2017

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആവശ്യമായത്ര
ബഡ്സ് സ്കൂളുകൾ സ്ഥാപിക്കും : മന്ത്രി ഡോ.കെ.ടി ജലീൽ

തിരുവനന്തപുരം: ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിപാലനത്തിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആവശ്യമായത്ര ബഡ്സ് സ്കൂളുകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിക്കുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ പറഞ്ഞു. ബഡ്സ് ഫെസ്റ്റ്-സംസ്ഥാനതല കലോത്സവത്തിന്റെ ഉദ്ഘാടനവും കുടുംബശ്രീ മാസികയുടെ പ്രകാശനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിരന്തരമായ പരിശീലനത്തിലൂടെ ഭിന്നശേഷിക്കാരായ കുട്ടികളെ മികച്ച കലാകാരൻമാരാക്കി മാറ്റുന്നതിനും അതുവഴി അവരെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും കഴിയും. അതിന് ക്ഷമയോടെയും ജാഗ്രതയോടെയും കാത്തിരിക്കണം. ബഡ്സ് സ്കൂളുകളുടെ സേവനം പ്രയോജനപ്പെടുത്താൻ കഴിയാത്ത നിരവധി ഭിന്നശേഷിക്കാരായ കുട്ടികൾ സംസ്ഥാനത്തുണ്ട്. അവരെയും ബഡ്സ് സ്കൂളുകളിലെത്തിക്കുകയെന്നതാണ് കുടുംബശ്രീയുടെ അടുത്ത ലക്ഷ്യം. ഇതിനായി ഒരു ബൃഹത്പദ്ധതി തന്നെ ആവശ്യമുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളും ഉടൻ ആരംഭിക്കുകയാണ്. ബഡ്സ് സ്കൂളിലെ അധ്യാപകർക്ക് ഏറ്റവും മികച്ച രീതിയിലുള്ള പരിശീലനം ലഭ്യമാക്കും. ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിന് നിർദേശം നൽകി കഴിഞ്ഞു. സംസ്ഥാനത്തെ എട്ടു ലക്ഷത്തോളം വരുന്ന ഭിന്നശേഷിക്കാരെ പരിഗണിക്കാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുന്നോട്ടു പോകാൻ കഴിയില്ല. അതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവഹണത്തിനായി മാർഗരേഖ സമർപ്പിക്കുമ്പോൾ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി കൂടുതൽ തുക അനുവദിക്കും. കേവലം സാമ്പത്തിക ലാഭം മാത്രം നോക്കി സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനമല്ല കുടുംബശ്രീ. അതിന്റെ തെളിവാണ് സേവനസന്നദ്ധമായ ഇത്തരം പ്രവർത്തനങ്ങളെന്നും അദ്ദേഹം പറഞ്ഞു.

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് തൊഴിൽപരിശീലനവും അതുവഴി അവർക്ക് താൽപര്യമുള്ള മേഖലകളിൽ തൊഴിൽ ലഭ്യമാക്കുകയുമാണ് കുടുംബശ്രീ ലക്ഷ്യമിടുന്നതെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

കേരളത്തിന്റെ കുടുംബശ്രീ മാസിക മന്ത്രി ഡോ.കെ.ടി ജലീൽ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോറിനു നൽകി പ്രകാശനം ചെയ്തു. മജീഷ്യൻ പ്രഫ.ഗോപിനാഥ് മുതുകാട് കുട്ടികൾക്കായി മാജിക് അവതരിപ്പിച്ചു.
സമാപന സമ്മേളനത്തിൽ കലോത്സവ വിജയികളായവർക്ക് ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് സമ്മാനം നൽകി. ഗ്രൂപ്പ് ഡാൻസ്, സിംഗിൾ ഡാൻഡ്, പെയിന്റിംഗ്, ലളിത ഗാനം, നാടോടി നൃത്തം എന്നീ ഇനങ്ങളിൽ നടന്ന മത്സരങ്ങളിൽ പങ്കെടുത്ത് കോഴിക്കോട് ജില്ലയാണ് ഓവറോൾ കിരീടം നേടിയത്. വിജയികൾക്ക് ട്രോഫിയും സർട്ടിഫിക്കറ്റും കൂടാതെ പങ്കെടുത്തവർക്കെല്ലാം മെഡലും സർട്ടിഫിക്കറ്റും നൽകി.

പ്രോഗ്രാം ഓഫീസർ അമൃത ജി.എസ് സ്വാഗതം പറഞ്ഞു. പ്രോഗ്രാം ഓഫീസർ ബിനു ഫ്രാൻസിസ്, ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ശെൽവദാസ്, കോ-ഓർഡിനേറ്റർമാർ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർമാർ, കൺസൾട്ടന്റ്മാർ , ബഡ്സ് സ്കൂൾ അധ്യാപകർ എന്നിവർ പങ്കെടുത്തു. ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ.എസ്.സലിം കൃതജ്ഞത അറിയിച്ചു.

ഫോട്ടോ: അടിക്കുറിപ്പ്

1. ബഡ്സ് ഫെസ്റ്റ്-സംസ്ഥാനതല കലോത്സവത്തിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ നിർവഹിക്കുന്നു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ, മജീഷ്യൻ ഗോപിനാഥ് മുതുകാട് എനനിവർ സമീപം

2. കുടുംബശ്രീ മാസികയുടെ പ്രകാശനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി ജലീൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോറിന് നൽകി നിർവഹിക്കുന്നു

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ